SYRO-MALABAR
MEDIA COMMISSION

Chairman
BISHOP JOSEPH PAMPLANY

Member
BISHOP PAULY KANNOOKKADAN

Member
BISHOP SEBASTIAN VANIYAPURACKAL

# ഫാ. ബിജു മുട്ടത്തുകുന്നേൽ റോമിൽ വൈസ് പ്രൊക്യുറേറ്റർ

കാക്കനാട്: സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പിന്റെ റോമിലെ വൈസ് പ്രൊക്യുറേറ്ററായി തലശ്ശേരി അതിരൂപതാംഗമായ ഫാ. ബിജു മുട്ടത്തുകുന്നേലിനെ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി നിയമിച്ചു. ഫാ. ബിജു മുട്ടത്തുകുന്നേൽ നിലവിൽ റോമിലുള്ള സീറോമലബാർ സഭയുടെ ഭവനമായ പ്രൊക്യൂറയിൽ സേവനം ചെയ്തുവരികയാണ്. മേജർ ആർച്ചുബിഷപ്പും വത്തിക്കാനിലെ വിവിധ കാര്യാലയങ്ങളും തമ്മിലുള്ള ഔദ്യോഗിക ഇടപാടുകളെ സുഗമമാക്കുന്നതിനുവേണ്ടി നിയമിതനാകുന്ന വ്യക്തിയാണ് പ്രൊക്യുറേറ്റർ എന്നറിയപ്പെടുന്നത്. 2011 മുതൽ മാർ സ്റ്റീഫൻ ചിറപ്പണത്താണ് മേജർ ആർച്ചുബിഷപ്പിന്റെ പ്രൊക്യുറേറ്ററായി സേവനം ചെയ്യുന്നത്. യൂറോപ്പിലെ സീറോമലബാർ വിശ്വാസികൾക്കായുള്ള അപ്പസ്തോലിക വിസിറ്റേറ്റർ എന്ന ഉത്തരവാദിത്വം കൂടി മാർ സ്റ്റീഫൻ ചിറപ്പണത്ത് നിർവ്വഹിച്ചു വരികയാണ്. മാർ സ്റ്റീഫൻ ചിറപ്പണത്ത് ഈ രണ്ട് ഉത്തരവാദിത്വങ്ങളും കൂടി നിർവ്വഹിച്ചുവരുന്ന സാഹചര്യത്തിലാണ് പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ അംഗീകാരത്തോടെ വൈസ് പ്രൊക്യുറേറ്ററിനെ നിയമിച്ചിരിക്കുന്നത്.

2007 ൽ വൈദികനായ ഫാ. ബിജു മുട്ടത്തുകുന്നേൽ തലശ്ശേരി അതിരൂപതയിലെ ആലക്കോട്, പടന്നക്കാട്, കുടിയാന്മല എന്നീ ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായും, അതിരൂപതാ മൈനർ സെമിനാരിയിൽ അധ്യാപകനായും വൊക്കേഷൻ പ്രമോട്ടറായും സേവനം ചെയ്തു. റോമിലെ സീറോമലബാർ വിശ്വാസികളുടെ അസിസ്റ്റന്റ് വികാരിയായി 2012 ൽ നിയമിതനായി. ഇറ്റലിയിലെ സീറോമലബാർ വിശ്വാസികളുടെ നാഷണൽ കോർഡിനേറ്റർ, സീറോമലബാർ പ്രൊക്യൂറായിലെ അഡ്മിനിസ്ട്രേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പൗരസ്ത്യകാനൻ നിയമത്തിൽ ബിരുദാനന്തരബിരുദവും ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്ന് സഭാനിയമത്തിൽ ഡോക്ടറേറ്റും നേടിയിട്ടുണ്ട്. 2020 ജൂൺ 23 മുതലാണ് പുതിയ നിയമനം പ്രാബല്യത്തിൽ വന്നിരിക്കുന്നത്.

03/07/2020

ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
9656467833
(പി.ആർ.ഒ.)